**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **06-10-2021 - ൽ മറുപടിയ്ക്ക്**

**നഗര ജലവിതരണം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നഗര ജലവിതരണം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി പ്രകാരം തലസ്ഥാന നഗരത്തിലും കൊച്ചിയിലും സദാസമയം കുടിവെള്ളം ലഭ്യമാക്കാൻ എ.ഡി.ബി. സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020-ൽ നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റിനെ നിയമിക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റി താൽപര്യപത്രം (Expression of Interest) ക്ഷണിച്ച്, ചുരുക്ക പ്പട്ടികയിൽപ്പെടുത്തിയ വിദഗ്ധരിൽ നിന്നും ടെക്നിക്കൽ പ്രൊപ്പോസലുകളും, ഫിനാൻഷ്യൽ പ്രൊപ്പോസലുകളും സ്വീകരിക്കുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിന് (RFP), ADB യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. കൊച്ചി നഗരത്തിലെ വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുള്ള നിർമ്മാണ കരാറിന്റെ ദർഘാസ് ക്ഷണിക്കുന്നതിനായി, കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ദർഘാസ് പ്രമാണങ്ങൾക്ക് ADB യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇവയ്ക്ക് അന്തിമ അനുമതി ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | തിരുവനന്തപുരം നഗരത്തിലെ ജലവിതരണ സ്രോതസ്സിന്റെ ശേഷി വർദ്ധിപ്പിക്കുന്നത് സാധ്യമായിട്ടുണ്ടോ; ജല ശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തലസ്ഥാനനഗരിയിലേയ്ക്കുള്ള കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സാണ് പേപ്പാറ ഡാം. പുതിയ അമൃത് പദ്ധതിയുടെ ശുദ്ധീകരണശാല കൂടി പ്രവർത്തനം ആരംഭിച്ചപ്പോൾ പ്രതിദിനം 375 |

| | | | |
|---|---|---|---|
| | | | ദശലക്ഷം ലിറ്റർ ജലമാണ് പേപ്പാറയിൽ നിന്ന് അരുവിക്കരയിലെത്തിച്ച് ശുദ്ധീകരിച്ച് നഗരത്തിലെത്തിക്കുന്നത്. വേനലിൽ പേപ്പാറയിൽ ജലം താഴുമ്പോൾ തലസ്ഥാനത്ത് ജലക്ഷാമം രൂക്ഷമാകാറുണ്ട്. പേപ്പാറ ഡാമിന്റെ ജലനിരപ്പ് അതിന്റെ മുഴുവൻ സംഭരണശേഷിയായ 110.5 മീറ്റർ ആയി ഉയർത്തിയാൽ മാത്രമേ വേനൽക്കാലത്തുൾപ്പടെ തലസ്ഥാനനഗരിക്ക് ആവശ്യത്തിനുള്ള ജല ലഭ്യത ഉറപ്പാക്കാൻ കഴിയൂ.ജലനിരപ്പ് ഉയർത്തുന്നതിന്റെ ഭാഗമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി "പരിവേഷ്" എന്ന ഓൺലൈൻ പോർട്ടലിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റിന്റെയും സ്ഥലപരിശോധന, വൈൽഡ് ലൈഫ് ഇമ്പാക്ട് പഠനം എന്നിവ പൂർത്തീകരിച്ച് അനുവാദത്തിനായുള്ള തുടർ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ജലശുദ്ധീകരണ ശാലയുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 86 MLD പ്ലാന്റ് 96 MLD ആയി ഉയർത്തുകയും 74 MLD പ്ലാന്റ് 83 MLD ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 75 MLD പ്ലാന്റിന്റെ പുതിയ ശുദ്ധീകരണശാലയുടെ പ്രവർത്തനം 2021-ൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കുടിവെള്ള കണക്ഷനുകൾ കാലവിളംബമില്ലാതെ ലഭ്യമാക്കുന്നതിനും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരാതികൾ ത്വരിതഗതിയിൽ പരിഹരിക്കുന്നതിനുമുൾപ്പെടെയുള്ള ഉപഭോക്തൃ സേവനം കാര്യക്ഷമമാക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്താനായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ ലാബ് വഴി ടെസ്റ്റ് നടത്തുകയും കുടിവെള്ള ഉത്പാദനത്തിന് ഓരോ ഘട്ടത്തിലും സാമ്പിളെടുത്ത് ഐ.എസ്. 10500 പ്രകാരം ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. കൂടാതെ ജലഅതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം നിശ്ചിത സമയങ്ങളിൽ റോ വാട്ടറിന്റെയും വിതരണ ശൃംഖലയിൽ നിന്ന് ശേഖരിക്കുന്ന ജലത്തിന്റെയും ഐ.എസ്. പ്രകാരമുള്ള നിശ്ചിത ഗുണനിലവാരം ഉണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ ഇ- കോളി എന്ന ബാക്ടീരിയയുടെ സാന്നിദ്ധ്യം ഉണ്ടാകാതിരിക്കാനായി ക്ലോറിനേഷൻ കാര്യക്ഷമമാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്താൻ കുടിവെള്ളത്തിനും സീവറേജിനുമുള്ള പുതിയ കണക്ഷൻ എടുക്കുക, പണമടയ്ക്കുക, വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഫീസ് അടയ്ക്കുക, ഉപഭോക്താക്കളുടെ പരാതി പരിഹാരം, മീറ്റർ മാറ്റി വയ്ക്കൽ, ഉടമസ്ഥാവകാശം മാറ്റുക, കണക്ഷൻ വിച്ഛേദനവും പുനർസ്ഥാപനവും, ഗാർഹിക ഗാർഹികേതര മാറ്റം തുടങ്ങിയ സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാക്കുന്നത്. വാട്ടർ അതോറിറ്റിയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളുടെ മോണിറ്ററിങ്ങിനും ഉപയോഗ്യമായ "ബാങ്കിംഗ് സൊല്യൂഷൻ സോഫ്റ്റ് വെയർ" വികസനത്തിന്റെ അവസാന ഘട്ടത്തിലാണ്. ഇതുവഴി അതോറിറ്റിയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളുടെ വരവും ചെലവും സസൂക്ഷ്മം നിരീക്ഷിക്കുവാനും അത് വഴി കാര്യക്ഷമമായ ഫണ്ട് വിനിയോഗവും സാധ്യമാവും. കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് IT മേഖലയിൽ ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുള്ളതും നടന്നു വരുന്നതുമായ പദ്ധതികൾ താഴെ സംഗ്രഹിക്കുന്നു.

1. <u>പുതിയ കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഓൺലൈൻ സംവിധാനം E-tapp</u>

   കുടിവെള്ള കണക്ഷൻ ആവശ്യമുള്ളവർക്ക് വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കുവാനും കണക്ഷൻ നൽകുന്നത് വരെയുള്ള നിലവാരം അറിയുവാനുമായി ഒരുക്കുന്ന പദ്ധതിയാണ് ഈ-ടാപ്പ്. പ്രസ്തുത ആപ്പ് വഴി അപേക്ഷ നൽകുന്നതിനോടൊപ്പം നിശ്ചയിച്ചിട്ടുള്ള ഫീസ് ഓൺലൈനായി അടയ്ക്കുവാനും എസ്എംഎസ് മുഖേന കണക്ഷൻ നിലവാരങ്ങൾ അറിയുവാനും സാധിക്കും.

2. <u>ഓൺലൈൻ ഗുണനിലവാര പരിശോധന സംവിധാനം.</u>

   കുടിവെള്ള ഗുണഭോക്താക്കൾക്ക് വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാനുള്ള ഫീസ് ഓൺലൈനായി അടക്കുവാനും പരിശോധനാഫലം ഓൺലൈനിൽ തന്നെ ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

3. ഓൺലൈൻ ഉപഭോക്തൃ സേവനങ്ങൾ, ഓൺലൈനായി മറ്റ് അനുബന്ധ സേവനങ്ങൾ.

മീറ്റർ മാറ്റി വയ്ക്കുക, കണക്ഷൻ വിച്ഛേദിക്കുക, പുനസ്ഥാപിക്കുക തുടങ്ങിയ അനുബന്ധ സേവനങ്ങൾ എല്ലാം തന്നെ ഒറ്റ ആപ്പ് വഴി നൽകുവാനുള്ള പ്രവർത്തി വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

4. "1916" ഉം "അക്വാലൂം" - ഓൺലൈൻ പരാതി പരിഹാര സംവിധാനവും.

കുടിവെള്ള കണക്ഷനും, അനുബന്ധ സർവീസ് സംബന്ധമായ പരാതികൾ 1916 എന്ന ഏകീകൃത ടോൾ ഫ്രീ നമ്പർ വഴി അറിയിക്കാവുന്നതാണ്. കൂടാതെ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ട്വിറ്റർ മുതലായ സാമൂഹിക മാധ്യമങ്ങൾ വഴിയും പരാതി രേഖപ്പെടുത്താവുന്നതാണ് അവയും അക്വാലൂമിൽ രേഖപ്പെടുത്തി പുരോഗതി എസ്എംഎസ് മുഖാന്തരം അറിയിക്കുന്നതാണ്.

5. ഓൺലൈൻ പുതിയ സീവറേജ് കണക്ഷൻ

പുതിയ സീവറേജ് കണക്ഷൻ ആവശ്യമുള്ളവർക്ക് ഓൺലൈൻ ആയി അപേക്ഷിക്കുവാനും, കണക്ഷൻ ലഭ്യമാക്കുന്നതിനുമായി വികസിപ്പിക്കുന്നതാണ് സീവറേജ് ഓൺ ലൈൻ കണക്ഷൻ ആപ്പ്. ഇതുവഴി സീവറേജ് കണക്ഷൻ ഫീസ് അടയ്ക്കുവാനും കണക്ഷൻ പുരോഗതി എസ്.എം.എസ് മുഖാന്തിരം അറിയുവാനും സംവിധാനം ഒരുക്കിയിട്ടുണ്ട്.

6. comprehensive ഐടി സൊല്യൂഷൻ

കേരള വാട്ടർ അതോറിറ്റിയിൽ 2010-ൽ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം സമഗ്രമായി സംയോജിപ്പിച്ച് തമ്മിൽ ആശയവിനിമയവും സങ്കലനവും നടത്തി ഒരു ഇ. ആർ. പി. പദ്ധതി നടപ്പിൽ വരുത്തുവാനായി JICA പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. ആയത് വിവിധ കാരണങ്ങളാൽ നീണ്ടു പോവുകയും നടപ്പിൽ വരുത്താൻ കഴിയാതെ വരികയും ചെയ്തു. എന്നാൽ പ്രസ്തുത ഇ. ആർ. പി. യുടെ എല്ലാ വ്യവഹാരങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുന്ന രീതിയിൽ സ്വയം പര്യാപ്തമായി വാട്ടർ അതോറിറ്റി ഐടി വിഭാഗം തന്നെ സ്വയം വികസിപ്പിക്കുവാൻ ബോർഡ് തീരുമാനിക്കുകയും അതിൻപ്രകാരം ഐടി സൊല്യൂഷൻ വാട്ടർ അതോറിറ്റി ഐടി വിഭാഗത്തിന്റെ മേൽനോട്ടത്തിൽ, യോഗ്യതയുള്ള ജീവനക്കാരും കോൺട്രാക്ട് വ്യവസ്ഥയിലെ പ്രോഗ്രാമർമാരും സംയുക്തമായി വികസിപ്പിച്ചു വരുന്നു. പ്രവർത്തനം താഴെ പറയും പ്രകാരമാണ്.

വാട്ടർ അതോറിറ്റി വിവിധ കാലഘട്ടത്തിൽ വികസിപ്പിച്ച പല സോഫ്റ്റ്‌വെയറുകളുടെയും പ്രവർത്തനവും വിവരവും ഒരു ഏകീകൃത പ്ലാറ്റ്ഫോമിലേക്ക് സംയോജിപ്പിച്ച് ഒരു ആർ.ഡിബി. എം.എസ് സിസ്റ്റം വികസിപ്പിക്കുന്നതാണ്. അതിനുമുകളിൽ പലപല വിഭാഗങ്ങൾക്കും പ്രവർത്തനങ്ങൾ ആശയവിനിമയം ചെയ്യുന്നതിനായി വിവിധ മോഡ്യൂളുകൾ ഘടകങ്ങളായി സംയോജിപ്പിക്കുന്നതാണ്. ഇവ തമ്മിൽ ദൃഢമായി ആശയവിനിമയം ചെയ്യുന്നതിനാൽ എം. ഐ. എസ് റിപ്പോർട്ടുകൾ വിവിധ വികസന അപഗ്രഥന വിശകലന ആവശ്യങ്ങൾക്കായി ലഭ്യമാകും. കൂടാതെ സുതാര്യത കൈ വരുവാനായി ഇവയെല്ലാം വെബ്സൈറ്റിൽ ലഭ്യമാകും. വാട്ടർ അതോറിറ്റിയിലെ എല്ലാ ജീവനക്കാർക്കും ഈ സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുന്നതിനായി സിംഗിൾ സൈൻ ഓൺ നടപ്പിലാക്കും. ആയതിനാൽ പല ആവശ്യങ്ങൾക്ക് വിവിധ പാസ്സ്‌വേർഡുകൾ നിർമിക്കേണ്ട ആവശ്യമില്ല. ഈ സംവിധാനത്തിന് മുകൾത്തട്ടിൽ പൊതുജനങ്ങൾക്ക് വിവര വിതരണത്തിനും ജീവനക്കാരുടെ പ്രവേശനത്തിനുമായി വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് നിലകൊള്ളും. ഈ പദ്ധതി നടപ്പിലാകുന്നതോടെ വാട്ടർ അതോറിറ്റി ഐടി മേഖലയിൽ ഒരു പുത്തൻ കുതിപ്പുമായി മുന്നേറും. കൂടാതെ പൗരന്മാരുടെ എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതോടുകൂടി പൊതുജനങ്ങൾക്കിടയിൽ പ്രതിച്ഛായ വർദ്ധിക്കാൻ ഇടയാകും.

7. <u>പേപ്പർ രഹിത ഹരിത ഓഫീസ് ഇ- ഫയലിങ് സംവിധാനം</u>

വാട്ടർ അതോറിറ്റി സമ്പൂർണ്ണ പേപ്പർ രഹിത ഹരിത ഓഫീസ് എന്ന സങ്കൽപത്തിലേക്ക് എത്തുവാനായി പൂർണമായി ഓഫീസുകളിൽ ഇ-ഫയലിങ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി 2500 ഓളം ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു കഴിഞ്ഞു. കൂടാതെ അതിന്റെ ഭാഗമായി കൂടുതൽ ലാപ്ടോപ്പ്, ടാബ് എന്നിവ വിവിധ ജീവനക്കാർക്ക് വാങ്ങി നൽകുവാൻ തീരുമാനിച്ചു. എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുവാനാണ് പദ്ധതി. ഇതുവഴി സമ്പൂർണ്ണ പേപ്പർ രഹിത ഹരിത ഓഫീസ് എന്ന ഗവൺമെന്റ് നയം പ്രാവർത്തികമാക്കാൻ സാധിക്കും.

8. <u>എസ്എംഎസ് സംവിധാനം</u>

ഉപഭോക്താക്കൾക്ക് സമയാസമയം ബില്ല് അടച്ച തുകയുടെ രസീത്, പരാതിയുടെ പുരോഗതി, കുടിവെള്ള തടസ്സം സംബന്ധിച്ച വിവരങ്ങൾ എന്നിവ എസ്എംഎസ് വഴി അറിയിക്കുവാൻ സാധിക്കും ഇത് ഉപഭോക്താക്കളുടെ വാട്ടർ അതോറിറ്റി മേലുള്ള വിശ്വാസം വർദ്ധിപ്പിക്കുവാൻ സഹായിക്കും.

9. <u>പരിഷ്കരിച്ച ബില്ലിംഗ് സിസ്റ്റം</u>

നിലവിലെ E-Abacus എന്ന ബില്ലിംഗ് സംവിധാനം 15 വർഷം മുമ്പ് നടപ്പിൽ വരുത്തിയതും കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തേണ്ടതും ആകുന്നു. ഇത് പരിഹരിക്കാനായി മൊബൈൽ അധിഷ്ഠിത പുതിയ ബില്ലിംഗ് സിസ്റ്റം വികസിപ്പിച്ചുവരുന്നു. ഇതിൽ ഉപഭോക്തൃ സേവനങ്ങൾ സമ്പൂർണ്ണമായി ഓൺലൈനിൽ ലഭിക്കുന്നതാണ്. കൂടാതെ ബില്ലുകൾ കൃത്യമായും കുറ്റമറ്റതായും നൽകുവാൻ സാധിക്കും. ഇതിനായി ആവശ്യമായ നടപടികൾ ആരംഭിച്ചു.

10. E-Payment സംവിധാനം

ഉപഭോക്താക്കൾക്ക് ബിൽ തുക ഓൺലൈനായി അടക്കുവാൻ quickpay സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, വാലറ്റ്, യുപിഐ എന്നിവയിലൂടെ ബിൽ തുക അടക്കാവുന്നതാണ്. കൂടാതെ മറ്റ് ബാങ്കുകൾ പെയ്മെന്റ് ഗേറ്റ് വേ യിൽ ഉൾപ്പെടുത്താനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു. ഇവ കൂടാതെ ഉപഭോക്താക്കൾക്ക് ബി.ബി.പി.എസ് സംവിധാനങ്ങൾ ഗൂഗിൾ പേ, പേ റ്റി.എം. മറ്റ് ബാങ്ക് ആപ്പുകൾ എന്നിവയിലൂടെയും ബിൽ തുക അടയ്ക്കാവുന്നതാണ്. ഫ്രണ്ട്സ് കൗണ്ടർ, അക്ഷയ സെന്റർ, പോസ്റ്റ് ഓഫീസ് എന്നിവയുമായും ബിൽ പെയ്മെന്റ് സംവിധാനം സംയോജിപ്പിച്ചിട്ടുണ്ട്.

11. ജി.ഐ.എസ് സംവിധാനം

കേരള വാട്ടർ അതോറിറ്റിയിൽ പുതുതായി എല്ലാ വിവരങ്ങളും ജിഐഎസ് പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ച് വിവരശേഖരണം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ എല്ലാ സ്ഥാവര ജംഗമ വസ്തുക്കളുടെയും വിവരങ്ങൾ ജിഐഎസ് മായി ബന്ധിപ്പിച്ച് വെബ്സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ജിഐഎസ് വഴി സീവറേജ് പദ്ധതികളുടെ മാതൃക തയ്യാറാക്കാനും അതുവഴി ഡിസൈൻ ചെലവുകൾ കുറയ്ക്കുവാനും കൃത്യത കൈവരിക്കുവാനും സാധിക്കുന്നു.

12. ഓട്ടോമേഷൻ

വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളും അതിന്റെ പ്രവർത്തനങ്ങളും സ്വയം പ്രവർത്തിക്കുന്നതിനു തുടക്കംകുറിച്ചു. ഇതുവരെ വാട്ടർ അതോറിറ്റിയുടെ 417 പമ്പ് ഹൗസുകൾ ഓട്ടോമേറ്റ് ചെയ്തു കഴിഞ്ഞു. 2022 വർഷാവസാനത്തോടുകൂടി വാട്ടർ അതോറിറ്റിയുടെ എല്ലാ പമ്പ് ഹൗസുകളും ഓട്ടോമേറ്റ് ചെയ്യാനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചു വരുന്നു.